**Desabhimani**

**17 July 2018**

**Kochi, Heavy Rain, Flood Relief**



# അടിയന്തരസഹായം എത്തിക്കണം: സിപിഐ എം

**കൊച്ചി**

തുടർച്ചയായി പെയ്തുകൊണ്ടിരിക്കുന്ന മഴയിൽ ദുരിതമനുഭവിക്കുന്നവർക്ക് ഉടൻ സഹായം എത്തിക്കണമെന്ന് സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് ആവശ്യപ്പെട്ടു. കഴിഞ്ഞ രണ്ടുദിവസത്തെ മഴയിൽ ജില്ലയിൽ കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിരവധി വീടുകൾ തകർന്നു. വീടുകൾ വെള്ളത്തിൽ മുങ്ങിയതിനെത്തുടർന്ന് 970 കുടുംബങ്ങളിലെ 3254 പേരെ ക്യാമ്പുകളിലേക്ക് മാറ്റേണ്ടിവന്നു. വ്യാപക കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. ശക്തമായ കാറ്റിനെത്തുടർന്ന് വീടുകളുടെ മേൽക്കൂരതന്നെ പറന്നുപോകുന്ന സ്ഥിതിയുണ്ടായി. നഗരം അക്ഷരാർഥത്തിൽ വെള്ളക്കെട്ടിലായി. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടുത്ത ദുരിതത്തിലാണ്. പല കുടുംബങ്ങളെയും മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. കൃഷി നശിച്ചവർക്കും, വീട് നഷ്ടപ്പെട്ടവർക്കും തൊഴിലെടുക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, മറ്റ് പരമ്പരാഗത തൊഴിലാളികൾ എന്നീ കുടുംബങ്ങൾക്ക് അടിയന്തരസഹായം എത്തിക്കണമെന്ന് സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അഭ്യർഥിച്ചു.